Draft #11 of File 102099/AC A9-1/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 19-Oct-2022 11:33 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശായുടെ B.Voc Agriculture Technology, B.Voc Agro Food Processing എന്നീ പ്രോഗ്രാമുകളെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശന യോഗ്യതയായി അംഗീകരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 10628/AC A 9/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.10.2022

---

*പരാമർശം:*-1) പ്രിൻസിപ്പാൾ, സെൻ്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, വിദ്യാർത്ഥികൾ എന്നിവർ സമർപ്പിച്ച അപേക്ഷകൾ.
2) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ഡീൻ, ഫാക്കൽറ്റി ഓഫ് Environmental & Atmospheric Sciences, ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷന്മാർ/വിദഗ്ദ്ധ സമിതി കൺവീനർമാർ എന്നിവരുടെ ശിപാർശകൾ.
3) മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം 17.10.2022 തീയതിയിൽ ബഹു: വൈസ് ചാൻസലർ നല്കിയ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്നുവരുന്ന B.Voc Agriculture Technology, B.Voc Agro Food Processing എന്നീ പ്രോഗ്രാമുകളെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശന യോഗ്യതയായി അംഗീകരിക്കണം എന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്നു.

വിഷയത്തിൽ ശിപാർശകൾ സമർപ്പിക്കുന്നതിന് ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ഡീൻ, ഫാക്കൽറ്റി ഓഫ് Environmental & Atmospheric Sciences, ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷന്മാർ/വിദഗ്ദ്ധ സമിതി കൺവീനർമാർ എന്നിവരെ ചുമതലപ്പെടുത്തുകയും തദനുസരണം പരാമർശം (2) പ്രകാരം ചുവടെയുള്ള ശിപാർശകൾ സമർപ്പിക്കപ്പെടുകയും ചെയ്തു.

- B.Voc Agriculture Technology എന്ന പ്രോഗ്രാം സർവ്വകലാശാലയുടെ M.Sc Molecular Biology & Genetic Engineering, M.Sc Plant Biotechnology, M.Sc

Environment Science &  Management, M.Sc Food Technology & Quality Assurance എന്നീ പ്രോഗ്രാമുകളുടെ പ്രവേശന യോഗ്യതയിൽ ഉൾപ്പെടുത്താവുന്നതാണ്.

- B.Voc Agro Food Processing എന്ന പ്രോഗ്രാം സർവ്വകലാശാലയുടെ M.Sc Environment Science &  Management, M.Sc Food Technology & Quality Assurance, M.Sc Food and Industrial Microbiology എന്നീ പ്രോഗ്രാമുകളുടെ പ്രവേശന യോഗ്യതയിൽ ഉൾപ്പെടുത്താവുന്നതാണ്.

മേൽ ശിപാർശകൾ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III  വകുപ്പ്  10 (17) നൽകുന്ന അധികാരം ഉപയോഗിച്ച്  പരാമർശം (3) പ്രകാരം ബഹു: വൈസ് ചാൻസലർ  അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ് മാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3) ജെ ആർ II (ഭരണവിഭാഗം) /ഡി ആർ II/എ ആർ III (അക്കാദമിക് വിഭാഗം)
4) ജെ ആർ III /ഡി ആർ II /എ ആർ XII (പരീക്ഷാവിഭാഗം )
5 )പ്രിൻസിപ്പാൾ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി
6 ) ഇ എച്ച് 9 / ഇ എച്ച് 15 / എ സി എ 12 സെക്ഷനുകൾ
7 ) ക്യാപ് സെൽ
8 ) കണ്ടന്റ് മാനേജ്മെന്റ് / ഐ ക്യൂ എ സി /റെക്കോർഡ്സ് സെക്ഷനുകൾ
9 ) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 102099/AC A9-1/2022/AC A 9

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #11 of File 102099/AC A9-1/2022/AC A 9 Approved by ASSISTANT REGISTRAR  III  (ACADEMIC) on 19-Oct-2022 11:33 AM - Page 2